പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 640

25/05/2017 ൽ
മറുപടിക്ക്

## കെ.എസ്.ഡി.പി.യെ വികസിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ക്യാൻസർ ചികിത്സക്ക് ആവശ്യമായ മരുന്നുകളുടെയും പ്രമേഹ ചികിത്സക്കുള്ള ഇൻസുലിന്റെയും നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുല്പാദനത്തിനുള്ള നിർമ്മാണശാല അത്യന്തം നൂതനവും, ഉന്നത സാങ്കേതിക നിലവാരമുള്ളതുമാകേണ്ടതുണ്ട്. കമ്പനിയിൽ നിലവിലുള്ള നിർമ്മാണശാലകളിൽ ഈ മരുന്നുകൾ ഉല്പാദിപ്പിക്കുവാൻ കഴിയുകയില്ല. ഇതിനുവേണ്ടി മാത്രം പ്രത്യേകം പ്ലാന്റ് നിർമ്മിക്കണം. ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. |
| ബി) അത്യാധുനിക രീതിയിലുള്ള പ്ലാന്റുകൾ ഈ മരുന്നുകളുടെ നിർമ്മാണത്തിന് ആവശ്യമായിവരും എന്നിരിക്കെ കെ.എസ്.ഡി.പി.യെ തദനുസൃതമായി വികസിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനുള്ള സാമ്പത്തിക സഹായം പ്രസ്തുത കമ്പനിക്ക് നൽകുമോ; | ബി) ഏറ്റവും ആധുനികമായ സംവിധാനത്തോടെ ഒരു ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനോടനുബന്ധമായി ആന്റിബയോട്ടിക് ഇൻജക്ഷൻ നിർമ്മിക്കുന്നതിന് ഡ്രൈപൗഡർ ഇൻജക്ഷൻ യൂണിറ്റും ഈയിടെ കമ്മീഷൻ ചെയ്തു. ഇതിനുപുറമേ നോൺ ബീറ്റാലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 28.15 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | മേൽപ്പറഞ്ഞ മരുന്നുകളുടെ നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ലക് നൗവ്വിലുള്ള സെൻട്രൽ ഡ്രഗ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുകയാണ്. |
| സി) | ജനറിക് മരുന്നുകൾക്ക് പുറമെ ബ്രാൻഡഡ് മരുന്നുകൾ വിപണിയിലിറക്കുവാൻ കെ.എസ്.ഡി.പി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) ഉണ്ട്. ട്രേഡ് മാർക്ക് രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ബ്രാൻഡഡ് മരുന്നുകൾ വിപണിയിൽ ഇറക്കുവാനാകും. |

Bindumol. K.N

സെക്ഷൻ ഓഫീസർ